

# 3. Holy Eucharist
## വിശുദ്ധ കുർബാന

1. What is known as the "Sacrament of Sacraments"? / 'കൂദാശകളുടെ കൂദാശ' എന്നറിയപ്പെടുന്ന കൂദാശയേത്?

   **Answer:** Holy Eucharist/ വി. കുർബാന (CCC 1211)

2. Which sacrament is known as the 'Sum and Summary' of our faith? നമ്മുടെ വിശ്വാസത്തിന്റെ 'ആകെത്തുകയും സംക്ഷിപ്തവു' എന്നറിയപ്പെടുന്ന കൂദാശയേതാണ് ?

   **Answer:** Holy Eucharist/ വി. കുർബാന (CCC 1326)

3. What does the Syriac word Qurbana mean? / കുർബാന എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?

   **Answer:** Dedication / സമർപ്പണം

4. What is the Greek word for the Holy Eucharist? / വി. കുർബാനയ്ക്ക് ഗ്രീക്കു ഭാഷയിൽ പറയുന്ന പേരെന്ത്?

   **Answer:** Eucharistia / എവുകരിസ്തിയ

5. What is the literal meaning meaning of the word Eucharistia? / എവുകരിസ്തിയ എന്ന വാക്കിന്റെ വാച്യാർത്ഥമെന്ത്?

   **Answer:** An expression of gratitude /കൃതജ്ഞതാപ്രകടനം

6. Holy Eucharist is the thanksgiving sacrifice that Jesus Christ expressed. To whom did he? / ഈശോ മിശിഹാ ആരോട് പ്രകടിപ്പിച്ച കൃതജ്ഞതാ ബലിയാണ് വിശുദ്ധ കുർബാന?

   **Answer:** To God the Father/ പിതാവായ ദൈവത്തോട്

7. Which sacrament did Christ institute as the memorial of his passion and resurrection? / ക്രിസ്തു തന്റെ പീഡാസഹനത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായി സ്ഥാപിച്ച കൂദാശയേത്?

   **Answer:** Holy Eucharist / വിശുദ്ധ കുർബാന

8. Which sacrament did the Messiah institute to perpetuate his sacrifice on the cross through all ages until he comes again, and thus to give to his beloved bride, the Church, a memorial of his death and resurrection? / താൻ വീണ്ടും വരുന്നതുവരെ തന്റെ കുരിശിലെ ബലി എല്ലാ യുഗങ്ങളിലും ശാശ്വതമായി തുടർന്നുകൊണ്ടു പോകുവാനും അങ്ങനെ തന്റെ പ്രിയ മണവാട്ടിയായ സഭയ്ക്ക് തന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഒരു സ്മാരകം ഏൽപ്പിച്ചുകൊടുക്കാനുംവേണ്ടി ഈശോ മിശിഹാ സ്ഥാപിച്ച കൂദാശയേത്?

   **Answer:** Holy Eucharist/ വി. കുർബാന

9. Which Gospel passage deals with the theological meaning and significance of the Holy Eucharist? / വിശുദ്ധ കുർബാനയ്ക്കുള്ള ദൈവശാസ്ത്രപരമായ അർത്ഥത്തെയും പ്രാധാന്യത്തെയുംപറ്റി പ്രതിപാദിക്കപ്പെടുന്ന സുവിശേഷഭാഗമേത്?

   **Answer:** Gosspel of John Chapter 6 / വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആറാം അധ്യായം

10. Where does St. Paul narrate on the institution of the Holy Eucharist by Jesus Christ during the Last Supper and about the need for the believers to worthily eat the Bread and drink from the Cup?/ ഈശോ മിശിഹാ അന്ത്യത്താഴവേളയിൽ വിശുദ്ധ കുർബാന സ്ഥാപിച്ചതിനെപ്പറ്റിയും വിശ്വാസികൾ

യോഗ്യതയോടെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നും പാനം ചെയ്യേണ്ടതിനെപ്പറ്റിയുമൊക്കെ പൗലോശ്ലീഹാ പരാമർശിച്ചിരിക്കുന്ന വചനഭാഗമേതാണ്?

**Answer:** 1 Cor. 11:17-34 / 1 കോറി. 11:17-34

11. How does St Paul describe the Holy Eucharist? / വി. കുർബാനയെ വി. പൗലോസ് വിശേഷിപ്പിക്കുന്നത് എങ്ങനെയാണ്?

    **Answer:** The Lords Supper/കർത്താവിന്റെ അത്താഴം

12. How does the Acts of the Apostles describe the Holy Eucharist? / അപ്പസ്തോല പ്രവർത്തനങ്ങളിൽ വി. കുർബ്ബാനയെ വിശേഷിപ്പിക്കുന്നത് എങ്ങനെയാണ്?

    **Answer:** Breaking of the Bread/ അപ്പം മുറിക്കൽ (Acts 2:42)

13. Eucahrist is also called as the Lord's Supper. Which are the two connections that make the Holy Eucharist to be called as 'Lords Supper'? / വി. കുർബാനയെ 'കർത്താവിന്റെ അത്താഴം' എന്നും വിളിക്കുന്നു. 'കർത്താവിന്റെ അത്താഴം' എന്ന് വിശുദ്ധ കുർബാനയെ വിളിക്കപെടാൻ കാരണമാക്കാവുന്ന ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾ ഏതൊക്കെയാണ്?

    **Answer:** The connection is with the supper which the Lord took with his disciples on the eve of his passion and the anticipated experience of the 'wedding feast of the Lamb in the heavenly Jerusalem'. കർത്താവിന്റെ പീഡാനുഭവത്തിന്റെ തലേ രാത്രിയിൽ ശിഷ്യന്മാരോടൊപ്പം കഴിച്ച അത്താഴവും, സ്വർഗീയ ജറുസലേമിലെ കുഞ്ഞാടിന്റെ വിവാഹവിരുന്നിന്റെ മുന്നാസ്വാദനവും (CCC 1329)

14. Right from the beginning, the Church has been faithful to the Lords's Command, "Do this memory of me" that he gave immediately after the institution of Holy Eucharist. Where do we find a reference for it in the New Testament?/വിശുദ്ധ കുർബാന സ്ഥാപിച്ചതിനുശേഷം "ഇത് എന്റെ ഓർമക്കായി ചെയ്യുവിൻ" എന്ന കർത്താവിന്റെ കൽപനയോട് സഭ ആരംഭം മുതൽതന്നെ വിശ്വസ്തത പുലർത്തിയിരുന്നു. പുതിയ നിയമത്തിൽ എവിടെയാണ് ഇതിനെപ്പറ്റി പരാമർശിക്കുന്നത്?

    **Answer:** Acts 2: 42-46/ അപ്പ. പ്രവർ 2: 42-46

15. In which part of the Holy Eucharist, prayer is made to the Father to send his Holy Spirit on the bread and wine, so that by his power they may become the body and blood of Jesus Christ and so that those who take part in the Eucharist may be one body and one spirt? / വി. കുർബാനയുടെ ഏത് ഭാഗത്താണ് പിതാവിനോട് പരിശുദ്ധാത്മാവിനെ അപ്പത്തിന്റെയും വീഞ്ഞിന്റെയുംമേൽ അയക്കുവാനും, അവിടുത്തെ ശക്തിയാൽ അവ യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരുവാനും, ദിവ്യകാരുണ്യത്തിൽ പങ്കെടുക്കുന്നവർ ഒരു ശരീരവും ഒരു ആത്മാവുമായിത്തീരുവാനും വേണ്ടി പ്രാർഥിക്കുന്നത്?

    **Answer:** In the Epiclesis / റൂഹാക്ഷണ പ്രാർഥനയിൽ (CCC 1353)

16. What are the essential signs of the Eucharistic Sacrament? / ദിവ്യകാരുണ്യ കൂദാശയുടെ സത്താപരമായ അടയാളങ്ങളേതെല്ലാം?

    **Answer:** The Bread and wine that transforms in to the Body and Blood of Christ through the Words of Christ and through epiclesis (prayer invoking the presence of the Holy Spirit) / ക്രിസ്തുവിന്റെ വചനങ്ങൾ വഴിയും, റൂഹാക്ഷണ പ്രാർത്ഥന വഴിയും, ക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരുന്ന അപ്പവും വീഞ്ഞും (CCC 1412)

17. What is the symbolic meaning of the washing of hands during the Holy Eucharist? / വിശുദ്ധ കുർബാനമധ്യേ കൈ കഴുകുന്നതിന്റെ പ്രതീകാത്മക അർത്ഥമെന്താണ്?

    **Answer:** Spiritual Purification / ആത്മീയ ശുദ്ധീകരണം

18. Who is the principal minister of the Holy Eucharist? / വിശുദ്ധ കുർബാനയുടെ പ്രധാന കാർമ്മികൻ ആരാണ്?

**Answer:** Jesus Christ/ ഈശോ മിശിഹാ

19. Where did Jesus Christ complete the Holy Eucharist, the sacrament of our salvation? / ഈശോ മിശിഹാ എവിടെയാണ് നമ്മുടെ രക്ഷയുടെ കൂദാശയായ വിശുദ്ധ കുർബാന പൂർത്തിയാക്കിയത്?

**Answer:** On the Cross/ കുരിശിൽ

20. "Christ is present in this sacrament through the transformation of the bread and wine in to the body and blood of Christ." Which is that sacrament? / 'അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറുന്നതിലൂടെയാണ് ക്രിസ്തു ഈ കൂദാശയിൽ സന്നിഹി തനായിരിക്കുന്നത്.' ഏതാണാകൂദാശ?

**Answer:** Holy Eucharist / വിശുദ്ധ കുർബാന (CCC 1413)

21. Through the sacramental words recited by the priest, the substance of the bread and wine is transubstantiated and they become whose blood and body? / വൈദികൻ ഉരുവിടുന്ന കൂദാശവചനത്തിലൂടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരംശം മാറി അവ ആരുടെ ശരീരരക്തങ്ങളായിത്തീരുന്നു?

**Answer:** Of the Jesus Christ/ ഈശോ മിശിഹായുടെ (John 6:51-59/ യോഹ 6:51-59)

22. What are the essential signs of the Holy Eucharist? / വി കുർബാനയെന്ന കൂദാശയുടെ സത്താപരമായ അടയാളങ്ങളെന്തെല്ലാം?

**Answer:** Wheat bread and wine from grapes / ഗോതമ്പപ്പവും, മുന്തിരിയിൽ നിന്നുള്ള വീഞ്ഞും (CCC 1412)

23. Which is the sacrament in which we receive the food of the ecclesial life? / ശാശ്വത ജീവന്റെ ഭക്ഷണം സ്വീകരിക്കുന്ന കൂദാശയേത്?

**Answer:** Holy Eucharist / വി കുർബാന

24. What are the essential elements of the Holy Eucharistic celebration, according to CCC 1408? / CCC 1408 അനുസരിച്ച് വിശുദ്ധ കുർബാനയുടെ ആഘോഷത്തിലെ ആവശ്യഘടകങ്ങളേതെല്ലാം?

**Answer:** The proclamation of the Word of God, thanksgiving to God the Father for all his benefits, above all the gift of his Son, the consecration of bread and wine and participation in the liturgical banquet by receiving the Lord's body and blood are the essential elements of the celebration of the Holy Eucharist. These elements constitute one single act of worship. / ദൈവവചനത്തിന്റെ പ്രഘോഷണം, പിതാവായ ദൈവത്തോട് അവിടുത്തെ എല്ലാ ഉപകാരങ്ങളെയും, സർവോപരി തന്റെ പുത്രനാകുന്ന ദാനത്തെയും പ്രതിയുള്ള കൃതജ്ഞതാപ്രകാശനം, അപ്പത്തിന്റെയും വീഞ്ഞിന്റെയും കൂദാശ ചെയ്യൽ, കർത്താവിന്റെ ശരീരവും രക്തവും സ്വീകരിച്ചുകൊണ്ട് ആരാധനാ വിരുന്നിലുള്ള പങ്കെടുക്കൽ എന്നിവ, ഈ ഘടകങ്ങളെല്ലാം ചേർന്ന് ഏക ആരാധനാകർമ്മം രൂപപ്പെടുത്തുന്നു.

25. Which is the sacrament that is considered as the heart and essence of ecclesial life? / സഭാജീവിതത്തിന്റെ 'ഹൃദയവും മൂർദ്ധന്യവുമായ' കൂദാശയേതാണ്?

**Answer:** Holy Eucharist / വിശുദ്ധ കുർബാന (CCC 1407)

26. God provided salvation to men through his presence and self-sacrifice. Which is the sacrament that makes these two realities ever-present to human beings? / ദൈവം മനുഷ്യർക്ക് രക്ഷ പ്രദാനം ചെയ്തത് തന്റെ സാന്നിദ്ധ്യത്തിലൂടെയും, സ്വയാർപ്പണത്തിലൂടെയുമാണ്. ഈ രണ്ടു യാഥാർത്ഥ്യങ്ങളും മനുഷ്യർക്ക് എന്നും അനുഭവവേദ്യമാക്കുന്ന കൂദാശ ഏതാണ്?

**Answer:** Holy Eucharist / വിശുദ്ധ കുർബാന

27. Three major references of the Holy Eucharist can be found in the Old Testament. Which are they? / വിശുദ്ധ കുർബാനയുടെ മൂന്നു പ്രധാന പരാമർശങ്ങൾ പഴയ നിയമത്തിലുണ്ട്. ഏതെല്ലാം?

**Answer:** Bread and Wine of Melchizedek, Manna, Prophecy of Malachi / മെൽക്കിസദേക്കിന്റെ അപ്പവും വീഞ്ഞും, മന്നാ, മലാക്കിയുടെ പ്രവചനം (Genesis 14:18-20, Exodus 16:4, Malachai 1:10-11)

28. Which Biblical passage confirms the presence of Christ in the Holy Eucharist? / ഈശോമിശിഹായുടെ സാന്നിദ്ധ്യം വിശുദ്ധ കുർബാനയിൽ ഉണ്ടെന്ന് സ്ഥിരീകരിക്കുന്ന വചനഭാഗമേത്?

**Answer:** "He who eates my flesh and drinks my blood abides in me, and I in him" / 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ എന്നിലും ഞാൻ അവനിലും വസിക്കുന്നു' John 6:53-59/ യോഹ 6:53-59

29. What is the teaching of the Church (CCC 1390) regarding the reception of the Holy Communion in both species? / ദിവ്യകാരുണ്യം ഇരുസാദൃശ്യത്തിലും സ്വീകരിക്കുന്നതിനെക്കുറിച്ചുള്ള സഭയുടെ പഠനമെന്താണ്? (CCC 1390)

**Answer:** Since Christ is sacramentally present under each species, communion under the species of bread alone makes it possible to receive all the fruit of Eucharistic Grace. But "the sign of communion is more complete when given under both kinds, since in that form the sign of the Eucharistic meal appears more clearly". This is the usual form of receiving communion in the Eastern Churches./ ക്രിസ്തു ഓരോ ദിവ്യകാരുണ്യ സാദൃശ്യത്തിന്റെയും കീഴിൽ സന്നിഹിതനായിരിക്കുകയാൽ, അപ്പത്തിന്റെ മാത്രം സാദൃശ്യത്തിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതു കൊണ്ടു ദിവ്യകാരുണ്യ കൃപാവരത്തിന്റെ മുഴുവൻ ഫലവും ഉൾക്കൊള്ളാൻ കഴിയും. എന്നാൽ, 'ഐക്യത്തിന്റെ അടയാളം' രണ്ടു സാദൃശ്യങ്ങളിലും നൽകുമ്പോൾ കൂടുതൽ പൂർണതയുള്ളതായിത്തീരുന്നു. കാരണം, ആ രൂപത്തിൽ, ദിവ്യ കാരുണ്യ വിരുന്നിന്റെ അടയാളം കൂടുതൽ വ്യക്തമായി കാണപ്പെടുന്നു. പൗരസത്യ റീത്തുകളിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിന്റെ സാധാരണരൂപം ഇതാണ്.

30. What is the meaning of the Word Karozusa ?/ കാറോസൂസാ എന്ന വാക്കിന്റെ അർത്ഥമെന്താണ്?

**Answer:** Proclamation / പ്രഘോഷണം

31. Which is the sacrament that is considered as the source and summit of the whole Christian life? / ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ ഉറവിടവും ഉച്ചകോടിയുമായ കൂദാശയേതാണ്?

**Answer:** Holy Eucharist / വിശുദ്ധ കുർബാന (CCC 1324)

32. What are the requirements to receive Holy Communion with merit? / വിശുദ്ധ കുർബ്ബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങളെന്തെല്ലാം?

**Answer:** Be in a state of grace, fast for at least one hour before receiving Holy Communion, have sufficient devotion and preparation / കൃപാവരാവസ്ഥയിൽ ആയിരിക്കുക,ദിവ്യകാരുണ്യ സ്വീകരണത്തിനു മുമ്പ് ഒരു മണിക്കൂറെങ്കിലും ഉപവസിക്കുക, വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുക (CCC 1415,1387)

33. In which document of the Vatican Council II, is ti mentioned, "The Eucharist is the source and summit of the Christian Life" / വിശുദ്ധ കുർബാന 'ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ്'. ഈ പരാമർശം കാണുന്നതെവിടെ?

**Answer:** In the document Lumen Gentium/ "the light of the nations." / 'ജനതകളുടെ പ്രകാശം' എന്ന അപ്പസ്തോലിക ലേഖനത്തിൽ (LG 11)

34. What is the Post-Synod Exhortation of Pope Benedict XVI' on the Holy Eucharist /ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വിശുദ്ധ കുർബാനെയെക്കുറിച്ചുള്ള സിനഡാനന്തര ശ്ലൈഹികഹ്വനത്തിന്റെ പേരെന്ത്?

**Answer:** Sacramentium Caritatis/ 'The Sacrament of Love'/ 'സ്നേഹത്തിന്റെ കൂദാശ'